GOVT. L.P. SCHOOL
Date
KALLIASSERI

# കല്ല്യാശ്ശേരി ഗവ.എൽ.പി.സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

ഒരു നൂറ്റാണ്ടിനോടടുത്ത് പഴക്കമുള്ളതും കല്ല്യാശ്ശേരിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നതുമായ കല്ല്യാശ്ശേരി പഞ്ചായത്തിലെ ഏക സർക്കാർ പ്രൈമറി വിദ്യാലയമാണ് ജി.എൽ.പി.സ്കൂൾ. കല്ല്യാശ്ശേരി സർക്കാരിന്റെയും പഞ്ചായത്തിന്റെയും അഭ്യുദയകാംക്ഷികളായ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹായസഹകരണത്തോടെ നല്ലനിലയിൽ പ്രവർത്തിച്ച് വരികയാണ് ഈ സ്ഥാപനം. എസ്.എസ്.കെയുടെ നിർലോഭമായ പിന്തുണയും എടുത്ത് പറയേണ്ടതാണ്. 2013 മുതൽ പി.ടി.എ. നടത്തിവരുന്ന പ്രീപ്രൈമറി വിഭാഗവും ഈ വിദ്യാലയത്തോടൊപ്പം പ്രവർത്തിച്ച് വരുന്നു.

[redacted] നമ്മുടെ കുട്ടികൾ ഒട്ടനവധി ശാരീരിക മാനസീക പ്രശ്നങ്ങളിലൂടെ കടന്നുപോയിട്ടുള്ളവരാണ്. അവരുടെ ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിച്ചുകൊണ്ട് ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഫലപ്രദമായ പഠനാന്തരീക്ഷം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഈ പുതിയ അധ്യയനവർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഭാഷ, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകല്പന ചെയ്യേണ്ടത് ഇന്നത്തെ സ്കൂൾ പഠനാന്തരീക്ഷത്തിൽ അനിവാര്യമാണ്. ഇത്തരം മേഖല തിരിച്ചുള്ള അവസ്ഥാ പഠനത്തിലൂടെ വ്യത്യസ്ത നിലവാരത്തിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് അനുയോജ്യമായ കൂടുതൽ മെച്ചപ്പെട്ട പഠനപ്രവർത്തനങ്ങൾ ഒരുക്കി അവരെ മുൻധാരയിലേക്ക് എത്തിക്കാൻ സാധിക്കും എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

- ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷി ഉള്ളവരാക്കി മാറ്റുക.
- കലാകായിക പ്രവർത്തി പഠനാശയങ്ങൾ മറ്റു വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഗണിതത്തിലേയും പഠനനേട്ടങ്ങൾ പൂർണ്ണമായും കാര്യക്ഷമമായും നേടിയവരാക്കുക.
- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികളൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.
- പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയമനോഭാവം വളർത്തുക.
- മുഴുവൻ കുട്ടികൾക്കും ആരോഗ്യ-കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക ഏറോബിക്, എക്സൈസ്സ് എന്നിങ്ങനെയുള്ളവ ശീലിപ്പിക്കുക.

- സഹജീവിസ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുതാപം, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക. ഗുണപാഠകഥകൾ സാന്മാർഗ്ഗിക കഥകൾ എന്നിവ നൽകുക.

- ആധുനിക കാലഘട്ടത്തിൽ ജീവിക്കാനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവ് നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക.

- എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം, തുല്യനീതി, സമത്വം ഇവ ഉറപ്പാക്കൽ.

# അക്കാദമികം

**വിഷയം : മലയാളം**

**ലക്ഷ്യം : മുഴുവൻ കുട്ടികൾക്കും എഴുതാനും വായിക്കാനും കഴിവുണ്ടാക്കുക**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായന മൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. പത്രവായന<br>5. അമ്മ വായന<br>6. പുസ്ക ചർച്ച<br>7. വായനാനുഭവം പങ്കുവെക്കൽ<br>8. വായന കുറിപ്പ് പതിപ്പ്<br>9.വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം, ക്ലാസ് സഭ<br>10. സ്കൂൾ സഭ, ബാലസഭ<br>11. ദിനാചരണങ്ങൾ<br>12. സാഹിത്യകാരന്മാരുമായുള്ള അനുഭവം | 6 മാസം | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 13. ആനുകാലിക പ്രസിദ്ധീകര ണങ്ങളും വായനയും<br>14.ആസ്വാദകരമായ വായന<br>15. വായനാ സാമഗ്രികൾ വിക സിപ്പിക്കൽ<br>16 ഇ- വായന | | | | |
| 2 | കുട്ടിയെ മികച്ച എഴുത്തുകാര നാക്കുക | 1. ക്ലാസ് ലൈബ്രറി<br>2. വായനക്കുറിപ്പ് പതിപ്പ്<br>3. പുസ്ക ചർച്ച<br>4. ചുമർ പത്രിക, മാഗസിൻ പതിപ്പ് തയ്യാറാക്കൽ<br>5. ആസ്വാദനക്കുറിപ്പ്<br>6. ബാലസഭ<br>7. വ്യക്തിഗതരചന, സംഘരചന<br>8. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>9. രചയിതാക്കളെ പരിചയപ്പെ ടൽ<br>ഭാഷാപ്രൊജക്ട് | | | | |

**വിഷയം : ഗണിതം**

**ലക്ഷ്യം : ഗണിതപഠനം ഉല്ലാസപ്രദവും, കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1<br><br>2<br><br>3 | ഗണിതപഠനം ഉല്ലാസപ്രദവും, കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പുവരുത്തുക<br><br>മുഴുവൻ കുട്ടികളേയും മികച്ച പ്രശ്നപരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക<br><br>ഉൾച്ചേർന്ന ക്ലാസ്സ് റൂം സാധ്യതകൾ എല്ലാവർക്കും പങ്കാളിത്തം | • ഗണിതശില്പശാല<br>• സ്ഥാനവില പോക്കറ്റ്<br>• ഗണിതകേളികൾ<br>• ക്ലാസിൽ ഒരു കട, സ്കൂളിലൊരു കട പ്രവർത്തനങ്ങൾ<br>• അബാക്കസ്, കളി നോട്ട് എന്നിവ നൽകൽ<br>• ചതുഷ്ക്രിയാ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ<br>• സംഖ്യാക്കൂട്ടങ്ങളിൽ നിന്ന് വലിയ സംഖ്യ, ചെറിയസംഖ്യ എന്നിവ കണ്ടെത്തുന്നു. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | • ഗണിതവിജയം പ്രവർത്തനങ്ങൾ സജ്ജമാക്കൽ<br>• ഗണിതവിജയ പ്രവർത്തനങ്ങൾ എല്ലാ മാസവും കുട്ടികളിൽ ഉറപ്പു വരുത്തുന്നു.<br>• ഗണിത വിജയം പ്രവർത്തനങ്ങൾ<br>• പ്രവൃത്തി പരിചയത്തി ലൂടെ വിവിധ ഗണിതാ ശയങ്ങൾ രൂപീകരിക്കു ന്നു. പ്രവർത്തനങ്ങ ളിൽ രക്ഷിതാക്കളെ പങ്കാളിയാക്കൽ സാമ ഗ്രകിൾ സംഘടിപ്പി ക്കൽ | | | | |

**വിഷയം : English**

**Aim -I**

**To speak read and write English without any mistakes**

| **Sl No** | **Programes** | **Activity** | **Duration** | | | |
|---|---|---|---|---|---|---|
| | Listening skills | Games, Action songs Hello English activities<br>Conversation, Skit, stories, Use ICT | | | | |
| | Speaking skills | • Identify the naming words from the picture<br>• Identify the action words from the same picture<br>• Make simple sentence using the action word and naming words about the picture<br>• Growing sentences, picture reading, self introduction assembly are also conducted | | | | |

| | | | | |
|---|---|---|---|---|
| | Reading Skills | • Newspaper reading, book review, reading breaking news.<br>• Rhyming Word<br>• Describing Words etc.<br>• Text book Activity | | |
| | Writing Skills | • Make word web<br>• Picture description with describing words<br>• Word chain sentence chain<br>• Make words and sentences<br>• Make riddles, conversations<br>• Add more lines<br>• Make magazines, skits<br>• Play the Game like riddle | | |

**ലക്ഷ്യം**

**വ്യക്തികളെ വ്യക്തിസുചിത്വവും, പരിസര ശിചിത്വവും ഉള്ളവരാക്കി മാറ്റുക**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വ്യക്തിസുചിത്വവും, പരിസര ശിചിത്വവും ഉള്ള വരാക്കി മാറ്റുന്നതിന് | <u>ദിനകൃത്യങ്ങൾ</u><br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു.<br><u>നമ്പർ വൺ</u><br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ്റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | **<u>പരിസര നടത്തം.</u>**<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>• പാരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ<br>**<u>നല്ലശീലം</u>**<br>• പോസ്റ്ററുകൾ തയ്യാറാക്കാം<br>• പരിസരങ്ങളിൽ പതിക്കാം | | | | |

ലക്ഷ്യം

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | <u>ഫീൽഡ് ട്രിപ്പ്</u><br>• നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്,..)<br><u>പരീക്ഷണങ്ങൾ</u><br>• ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br><u>ശാസ്ത്രജ്ഞനോടൊപ്പം</u><br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു<br><u>പക്ഷിനിരീക്ഷണം</u><br>• പക്ഷിനിരീക്ഷണത്തിന് അവസരം | | | | |

വിഷയം : പരിസരപഠനം

ലക്ഷ്യം

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ | <u>പ്രകൃതി നടത്തം</u><br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്) | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | <u>പൂന്തോട്ടം ഒരുക്കാം</u><br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ<br><u>ഒരു തൈ നടാം</u><br>• പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• നട്ട വൃക്ഷത്തെ പരിപാലിക്കൽ<br>പോസ്റ്റർ നിർമ്മാണം<br>• പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ<br><u>ദാഹജലം</u><br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | | | | |

ലക്ഷ്യം- മുഴുവൻ കുട്ടികൾക്കും ആരോഗ്യകായിക ക്ഷമത ഉറപ്പാക്കുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കുട്ടികളുടെ കായികവും മാനസികവുമായ കഴിവുകളുടെ വികസനം | മാസ് ഡ്രിൽ<br>വ്യത്യസ്ത കളികൾ<br>എയ്റോബിക്സ്<br>വ്യായാമം<br>കായിക പരിശീലനം | | അധ്യാപകർ<br>രക്ഷിതാക്കൾ | | |

ലക്ഷ്യം - കുട്ടികളുടെ സർഗ്ഗാത്മകത, നിരീക്ഷണ പാടവം എന്നിവ വളർത്താൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കലാപരമായ കഴിവ് പരിപോഷിപ്പിക്കൽ | • ബാലസഭ<br>• രണ്ടാഴ്ചയിൽ ഒരു തവണ കുട്ടികളുടെ നേതൃത്വത്തിൽ ബാലസഭ കൂടുന്നു. കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.<br>• ശില്പശാലകൾ<br>• നാടൻപാട്ട്, കടങ്കഥ, കവിതാരചന, കഥാരചന തുടങ്ങിയവയ്ക്ക് ശിൽപശാല നടത്തൽ | | | | |
| | പ്രവൃത്തി പരിചയം | ഡമോൺസ്ട്രേഷൻ ക്ലാസുകൾ<br>വിവിധ പ്രവൃത്തിപരിചയമേഖലകളിൽ കഴിവ് തെളിയിച്ച വിദഗ്ധരുടെ<br>ഡെമോൺസ്ട്രേഷൻ ക്ലാസുകൾ | | | | |

## ഭൗതികം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനയ്ക്ക് പ്രാപ്തരാക്കുക | ലൈബ്രറി റൂം സജ്ജമാക്കൽ | 1 വർഷം | എസ്.എസ്. കെ. പഞ്ചായത്ത് | | |
| | ഐ.ടി. വിദ്യാഭ്യാസം മെച്ചപ്പെടുത്തുക | കംപ്യൂട്ടർ ലാബ് | 3 മാസം | സി.ആർ.സി.പഞ്ചായത്ത് | | |
| | പരീക്ഷണ നിരീക്ഷണത്തിലൂടെ പ്രശ്നപരിഹാരം കണ്ടെത്തി നിഗമനത്തിലെത്തുന്നതിലൂടെ ശാസ്ത്ര പഠനം മികവുറ്റതാക്കൽ | ശാസ്ത്ര ലാബ് കുട്ടികൾക്ക് പരീക്ഷണങ്ങൾ സ്വന്തമായി ആസൂത്രണം ചെയ്യാൻ ആവശ്യമായ സാമഗ്രികൾ ഒരുക്കുന്നു. | | പി.ടി.എ എസ്.എസ്. കെ.പഞ്ചായത്ത് | | |
| | കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യം ഒരുക്കുക | ഡൈനിംഗ് ഹാൾ | 2 വർഷം | പഞ്ചായത്ത് | | |
| | കുട്ടികളുടെ ആരോഗ്യ കായികക്ഷമത മെച്ചപ്പെടുത്താൻ | കളിസ്ഥലം | 2 വർഷം | പഞ്ചായത്ത് | | |